DESPATCHED
On..10/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.497*(2)/2021*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 3229 /എസ്.ഐ.സി-ജി6/2021)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. തമ്പി. ഡി,
രേവതി, കൈതക്കുഴി,
ആദിച്ചനല്ലൂർ (പി.ഒ),
കൊല്ലം - 691 573. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പർസർ, പോർട്ട് & ഷിപ്പിംഗ് ഓഫീസ്, കൊല്ലം.
2. അപ്പീൽ അധികാരി & തുറമുഖ ഓഫീസർ, കേരളാ മാരിടൈം ബോർഡ്, നീണ്ടക്കര പോർട്ട് ഓഫീസ്, ആശ്രമം, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുളള അപേക്ഷാ തീയതി | 17/08/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/09/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/11/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27/02/2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04/03/2021 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡി. തമ്പി 27/02/2021 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 04/03/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 497(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 17/08/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്നവയുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടത്:

1. കൊല്ലം തുറമുഖത്ത് 01/06/2018 മുതൽ 17/08/2020 വരെ വന്നിട്ടുള്ള കപ്പലുകളുടെ എണ്ണവും, ഏതൊക്കെ രാജ്യത്ത് നിന്നും ഏതൊക്കെ കപ്പലുകളാണ് വന്നത് എന്നുള്ള വിവരവും കപ്പലുകളുടെ പേരും ഉടമസ്ഥരുടെ മേൽവിലാസവും ഉൾപ്പെട്ട ലിസ്റ്റും
2. പ്രസ്തുത കപ്പലുകളിൽ ഏതൊക്കെ സാധനങ്ങളാണ് വന്നതെന്നും ആയത് കയറ്റി അയച്ച ഏജൻസികളുടെ മേൽവിലാസം ഉൾപ്പെട്ട ലിസ്റ്റും
3. പ്രസ്തുത കപ്പലുകൾ കൊല്ലം തുറമുഖത്ത് വന്ന ശേഷം കപ്പലുകളിലെ സാധനങ്ങൾ ഇഷ്യു ചെയ്തിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരും മേൽവിലാസവും ഉൾപ്പെട്ട ലിസ്റ്റ് ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 04/09/2020-ൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 15/10/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 04/11/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 02/09/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, 01/06/2018 മുതൽ 17/08/2020 വരെ കൊല്ലം തുറമുഖത്ത് എത്തിച്ചേർന്ന കപ്പലുകളും അനുബന്ധ വിവരങ്ങളും ആണ് ആവശ്യപ്പെട്ടിരുന്നതെന്നും, എന്നാൽ ടി വിവരങ്ങൾ വളരെയേറെ ഉള്ളതിനാൽ, ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ പകർപ്പ് അപേക്ഷകന് നൽകുകയും കൂടുതൽ രേഖകൾ പരിശോധിക്കുന്നതിനായി ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിനായി വിവരാവകാശ നിയമം സെക്ഷൻ 7(9) പ്രകാരം

അപേക്ഷകന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 04/09/2020-ലൂടെ അറിയിപ്പ് നൽകുകയും ചെയ്തിരുന്നുവെന്നുമാണ്. കൂടാതെ ടിയാൻ ആവശ്യപ്പെട്ടിരുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ ലഭിക്കുന്നതിനായി ഫീസ് ട്രഷറിയിൽ ഒടുക്കുന്നതിനായി നൽകിയ ശീർഷകം "0070-60-118-99" എന്നതിന് പകരം 0070-60-800-42 എന്ന് മനഃപൂർവ്വം തെറ്റായി രേഖപ്പെടുത്തി നൽകിയതല്ലെന്നും മറിച്ച് നോട്ടപ്പിശക് മൂലം സംഭവിച്ചിട്ടുള്ളതാണെന്നും, അപേക്ഷകൻ 15/10/202 0-ലെ അപ്പീലിലൂടെ മേൽ വിവരം അറിയിച്ചതിനെ തുടർന്ന് ഇത്തരം വീഴ്ച്ചകൾ ആവർത്തിക്കരുതെന്ന് പി.ഐ.ഒ-യ്ക്ക് 04/11/2020 കത്തിലൂടെ താക്കീത് നൽകിയിട്ടുണ്ടെന്നാണ്.

എന്നാൽ അപേക്ഷകൻ വാദിക്കുന്നത് പോലെ ടിയാൻ ഓഫീസിൽ ഹാജരാകുന്നതിനെ പി.ഐ.ഒ നിർബന്ധിച്ച് വിളിച്ച് വരുത്തുകയോ ഹാജരായില്ലെന്ന കാരണത്താൽ വിവരങ്ങൾ നിരസിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്. കൂടാതെ പി.ഐ.ഒ-യുടെ ഓഫീസിൽ നിന്ന് വ്യക്തതയും തെളിച്ചവുമില്ലാത്ത പകർപ്പ് മനഃപ്പൂർവ്വം നൽകിയെന്ന് പറയുന്നത് സത്യവിരുദ്ധമാണെന്നും, ടി ഓഫീസിൽ ആകെയുള്ള ഒരു പ്രിന്ററിന്റെ സഹായത്തോടെ വായിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രിന്റാണ് നൽകിയിരുന്നതെന്നുമാണ്.

ടിയാന്റെ അപ്പീൽ അപേക്ഷ പരിശോധിച്ച് രേഖകൾ പരിശോധിക്കുന്നതിനായി പി.ഐ.ഒ-യുടെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിനായി 04/11/2020-ലൂടെ അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ടിയാൻ ഓഫീസിൽ ഫോൺ മുഖാന്തിരം വിളിച്ച് അന്വേഷിക്കുകയോ ഹാജരാകുകയോ ചെയ്തിട്ടില്ലെന്നുമാണ്. അപേക്ഷകൻ 60 വയസ്സ് കഴിഞ്ഞ വ്യക്തിയാണെന്ന് അപേക്ഷയിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുകയില്ലെന്നും, കൂടാതെ വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട പല കോടതി ഉത്തരവുകളിലും രേഖകൾ പരിശോധിക്കുന്നതിന് അപേക്ഷകൻ അധികാരപ്പെടുത്തുന്ന വ്യക്തിയ്ക്ക് ഹാജരാകാവുന്നതാണെന്ന് എന്നിരിക്കെ ആയതിന് ശ്രമിക്കാതെ അപേക്ഷകൻ രണ്ടാം അപ്പീൽ നൽകുകയാണ് ചെയ്തിരിക്കുന്നത്.

18/05/2019-ലെ സി.ഡി.എൻ.5/67/19 പൊഭവ നമ്പർ സർക്കുലർ പ്രകാരം അപ്പീൽ അധികാരിയുടെ പേര് ഒഴിവാക്കി സ്ഥാനപ്പേര് രേഖപ്പെടുത്തിയാൽ മതിയെന്നതിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽ മറുപടിയിൽ പേര് ഒഴിവാക്കിയതെന്നും, അപേക്ഷകന് ആവശ്യമായ രേഖകൾ പി.ഐ.ഒ-യുടെ ഓഫീസിൽ വന്ന് പരിശോധിക്കുന്നതിന് ഒരു അവസരം കൂടി നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/02/2021-ലെ കെ.എം.ബി/149/2021 ഉത്തരവിലൂടെ വിവരാവകാശ നിയമം 2005 പ്രകാരം ഒന്നാം അപ്പീൽ അധികാരി ശ്രീ. ടി.പി. സലിം കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് എന്ന് അറിയിച്ചിട്ടുണ്ട്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ മറുപടിയില് ഫീസ് ട്രഷറിയിൽ ഒടുക്കുന്നതിനായി നൽകിയ ശീർഷകം തെറ്റായിയാണ് നൽകിയതെന്നും, അയച്ച രേഖകൾ വ്യക്തമല്ലെന്നും കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

29/12/2022-ൽ കൊല്ലം കളക്ടറേറ്റിൽ വെച്ച് നടന്ന ഹിയറിഗിൽ കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷിയുടെ 30/12/222-ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ജനുവരി 30-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV